# സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ, കേരളം

**1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10–ാം വകുപ്പും 2005 ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ( ഡീലിമിറ്റേഷൻ കമ്മീഷൻ) ചട്ടങ്ങളിലെ 10–ാംചട്ടവും പ്രകാരം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ**

**പ്രാരംഭം** : 2015 നവംബർ 1 ന് പ്രാബല്യത്തിൽ വരത്തക്കവിധം പുതിയ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിച്ചുകൊണ്ടും നിലവിലുള്ള ഗ്രാമ പഞ്ചായത്തുകളുടെ അതിർത്തികളിൽ മാറ്റം വരുത്തിക്കൊണ്ടും കേരള സർക്കാർ **25–04–2015 ലെ 912,913** നമ്പരുകളായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 6–ാം വകുപ്പ് അനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ സ്ഥാനങ്ങളുടെ എണ്ണം 13 ൽ കുറയാനോ 23 ൽ കവിയാനോ പാടില്ലായെന്ന് നിശ്ചയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ചട്ടങ്ങൾ അനുസരിച്ച്, ഒരു ഗ്രാമ പഞ്ചായത്തിന് 15000 ജനസംഖ്യവരെ 13 അംഗങ്ങളും, പരമാവധി 23 എന്ന വ്യവസ്ഥയ്ക്കു വിധേയമായി, പതിനയ്യായിരത്തിൽ കൂടുതലുള്ള ഓരോ 2500 ജനസംഖ്യയ്ക്ക് ഒരു അധിക അംഗം വീതവും ആകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച്, പുതുതായി രൂപീകരിക്കുന്നതും നിലവിലുള്ള ഭൂപ്രദേശത്തിൽ മാറ്റം വരുത്തുന്നതുമായ ഗ്രാമ പഞ്ചായത്തുകളിലെ അംഗസംഖ്യ പുനർ നിശ്ചയിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ **30–04–2015 ലെ** തീയതിയിലെ **1053–ാം** നമ്പരായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് അംഗസംഖ്യ നിശ്ചയിച്ചിരിക്കുന്നത്. ഇതിനനുസൃതമായി പുതിയതായി രൂപീകരിക്കുകയോ ഭൂപ്രദേശങ്ങൾ വിപുലപ്പെടുത്തുകയോ കുറക്കുകയോ ചെയ്തിട്ടുള്ള ഗ്രാമ പഞ്ചായത്തുകളുടെ നിയോജക മണ്ഡലങ്ങൾ പുനർവിഭജിക്കേണ്ടതുണ്ട്. ഒരു പഞ്ചായത്തിന് നിശ്ചയിച്ചിരിക്കുന്ന അംഗസംഖ്യ അനുസരിച്ച് ആ പഞ്ചായത്തിനെ നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതും അവയുടെ അതിരുകൾ നിർണ്ണയിക്കേണ്ടതും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 10–ാം വകുപ്പ് അനുസരിച്ച് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ ആണ്. പഞ്ചായത്ത് ഡയറക്ടർ ഓരോ പഞ്ചായത്തിനും പുനർനിശ്ചയിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് നിലവിലുള്ള നിയോജകമണ്ഡലങ്ങളെ ഡീലിമിറ്റേഷൻ കമ്മിഷൻ പുനർവിഭജനം നടത്തുന്നതാണ്. ഇതു സംബന്ധിച്ച പ്രഥമ വിഭജന റിപ്പോർട്ട് തയ്യാറാക്കാനും മറ്റും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു. എന്നാൽ ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളുടെ ഭൂപ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കുന്ന സംഗതിയിൽ അപ്രകാരം രൂപീകരിക്കുന്ന പുതിയ പഞ്ചായത്തിന്റെ പ്രഥമ വിഭജന റിപ്പോർട്ട് തയ്യാറാക്കുന്നതിന് അവയിൽ ഒരു ഗ്രാമ പഞ്ചായത്തിന്റെ സെക്രട്ടറിയെ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തേണ്ടതും മറ്റു പഞ്ചായത്തുകളുടെ

സെക്രട്ടറിമാർ ആവശ്യമായ വിവരങ്ങളും സഹായവും ചുമതലപ്പെടുത്തിയ സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുമ്പോൾ ഭൂപ്രദേശം കുറക്കപ്പെട്ട പഞ്ചായത്തുകളുടെ പുനർ വിഭജന റിപ്പോർട്ട് അതാത് സെക്രട്ടറിമാർ തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത് സെക്രട്ടറിമാർ സത്യസന്ധമായും നിഷ്പക്ഷമായും സുതാര്യമായും കമ്മിഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചും ഈ കൃത്യം നിർവ്വഹിക്കേണ്ടതാണ്. പഞ്ചായത്ത് സെക്രട്ടറിമാർ അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് പ്രഥമ വിഭജന റിപ്പോർട്ട് തയ്യാറാക്കി നൽകേണ്ടതാണ്. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഡീലിമിറ്റേഷൻ കമ്മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമാണെന്ന് ഉറപ്പു വരുത്തി കമ്മിഷന് സമർപ്പിക്കേണ്ടതാണ്. കമ്മിഷൻ ആയത് പരിശോധിച്ച് അതിർത്തി നിർണ്ണയിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതും അപ്രകാരമുള്ള കരട് വിജ്ഞാപനം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നതുമാണ്. അപ്രകാരം കമ്മിഷൻ മുമ്പാകെ സമർപ്പിക്കേണ്ട ആക്ഷേപമോ, അഭിപ്രായമോ കമ്മിഷൻ സെക്രട്ടറി മുമ്പാകെ നേരിട്ടോ, രജിസ്റ്റർ ചെയ്ത തപാൽ മുഖേനയോ, അല്ലെങ്കിൽ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുമ്പാകെ നേരിട്ടോ, രജിസ്റ്റർ ചെയ്ത തപാൽ മാർഗ്ഗമോ നൽകേണ്ടതാണ്. അപ്രകാരം നൽകുന്നവയോടൊപ്പം ഏതെങ്കിലും രേഖകൾ ഹാജരാക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ അനുയോജ്യരായ ഉദ്യോഗസ്ഥർ മുഖാന്തിരം അന്വേഷണ വിധേയമാക്കിയും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചും ആയതിൻമേൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ ശുപാർശയോടുകൂടി ഡീലിമിറ്റേഷൻ കമ്മിഷന് സമർപ്പിക്കേണ്ടതുമാണ്. ഡീലിമിറ്റേഷൻ കമ്മിഷന് യുക്തമെന്നു തോന്നുന്ന പക്ഷം ആക്ഷേപമോ അഭിപ്രായമോ നൽകിയ ആളിനെ നേരിൽ കേട്ടും എല്ലാ വസ്തുതകളും വിശദമായി വിലയിരുത്തിയശേഷം നിയോജകമണ്ഡലങ്ങളുടെ വിഭജനം സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

2. **മാനദണ്ഡങ്ങൾ** : പഞ്ചായത്തുകളെ നിയോജകമണ്ഡലങ്ങളായി വിഭജിക്കുന്നതിനും അവയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ ഇന്ത്യൻ ഭരണഘടനയിലും കേരള പഞ്ചായത്ത് രാജ് ആക്ടിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടനയിലെ 243-സി അനുച്ഛേദം അനുസരിച്ച് ഒരു പഞ്ചായത്തിന്റെ ഒരു നിയോജകമണ്ഡലത്തിലെ ജനസംഖ്യ കഴിയാവുന്നിടത്തോളം ആ പഞ്ചായത്തിലെ മറ്റു ഓരോ നിയോജകമണ്ഡലത്തിലേയും ജനസംഖ്യയോട് തുല്യമായിരിക്കണം. അതായത് ഒരു പഞ്ചായത്തിന്റെ ജനസംഖ്യയെ ആ പഞ്ചായത്തിന്റെ ആകെ നിയോജകമണ്ഡലങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് കിട്ടുന്നതായിരിക്കണം ആ പഞ്ചായത്തിന്റെ ഓരോ നിയോജകമണ്ഡലത്തിന്റെയും ശരാശരി ജനസംഖ്യ. പഞ്ചായത്തിന്റെ ജനസാന്ദ്രതയും ഭൂമിശാസ്ത്രപരമായ കിടപ്പും കണക്കിലെടുത്ത് ഓരോ നിയോജകമണ്ഡലത്തിന്റേയും

ആകൃതിയും വലിപ്പവും നിശ്ചയിക്കേണ്ടതാണ്. നിയോജകമണ്ഡലങ്ങളുടെ വിഭജനം വടക്കു പടിഞ്ഞാറു നിന്നു തുടങ്ങേണ്ടതാണ്. വടക്കു പടിഞ്ഞാറു നിന്നു തുടങ്ങി ക്ലോക്ക്‌വൈസായി വലത്തേക്കായിരിക്കണം മറ്റു നിയോജക മണ്ഡലങ്ങളുടെ രൂപീകരണം. അതായത് ഒന്നാമത്തെ നിയോജകമണ്ഡലം വടക്കു പടിഞ്ഞാറുള്ളതായിരിക്കണം. രണ്ട്, മൂന്ന് തുടങ്ങി മറ്റു നിയോജകമണ്ഡലങ്ങൾ ഒന്നാം നിയോജകമണ്ഡലത്തിന്റെ വലതുഭാഗത്തായി ചുറ്റിവരേണ്ടതും അവസാന നിയോജക മണ്ഡലത്തിന്റെ അതിര് ഒന്നാം നിയോജക മണ്ഡലത്തിന്റെ അതിരുമായി ചേർന്നു വരേണ്ടതുമാണ്.

നിയോജകമണ്ഡലത്തിനു നമ്പർ നൽകുന്നതിനുപുറമേ, പേരും നൽകേണ്ടതാണ്. നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെറുപ്രദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പരക്കെ അറിയപ്പെടുന്നതുമായ പ്രദേശത്തിന്റെ പേര് നിയോജകമണ്ഡലത്തിന് നൽകുന്നതായിരിക്കും ഉചിതം. എന്നാൽ ഏതെങ്കിലും വീടിന്റെയോ, കുടുംബത്തിന്റെയോ, മതസ്ഥാപനങ്ങളുടെയോ പേര് ഇടാൻ പാടില്ലാത്തതുമാണ്. അനുയോജ്യമായ സംഗതികളിൽ നിലവിലുള്ള നിയോജകമണ്ഡലത്തിന്റെ പേര് നിലനിർത്താവുന്നതാണ്.

ഗ്രാമ പഞ്ചായത്തിനെ പുനർവിഭജനം നടത്തുമ്പോൾ നിയോജക മണ്ഡലങ്ങളുടെ അതിരുകൾ കഴിയുന്നിടത്തോളം പ്രകൃത്യാലുള്ളവ ആയിരിക്കണം. നദി, പുഴ, തോട്, കായൽ, മല തുടങ്ങി പ്രകൃതിദത്തങ്ങളായ അതിരുകൾക്ക് പുറമേ, റോഡ്, നടപ്പാത, ചെറുവഴികൾ, റെയിൽവേലൈൻ, തുടങ്ങി വ്യക്തമായി തിരിച്ചറിയാവുന്നവയും അതിരുകളായി കണക്കാക്കാവുന്നതാണ്. പ്രകൃത്യാലുള്ള അതിരുകൾ നിശ്ചയിക്കുന്ന തിനായി ഒരു നിയോജക മണ്ഡലത്തിന്റെ ശരാശരി ജനസംഖ്യ അല്പസ്വല്പം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ അങ്ങനെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന വ്യത്യാസം യാതൊരു കാരണവശാലും ശരാശരി ജനസംഖ്യയുടെ പത്ത് ശതമാനത്തിൽ കവിയാൻ പാടില്ല. സമ്മതിദായകരുടെ യാത്രാസൗകര്യം, വാർത്താവിനിമയ സൗകര്യം, പോളിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യം തുടങ്ങിയവയും കണക്കിലെടുക്കണം.

**നിയോജക മണ്ഡല വിഭജനം സംബന്ധിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദീകരിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കായി ഒരു പരിശീലന പരിപാടി ഡീലിമിറ്റേഷൻ കമ്മിഷനോ, കമ്മിഷന്റെ നിർദ്ദേശ പ്രകാരം ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ സംഘടിപ്പിക്കുന്നതാണ്.**

.

3. **നടപടിക്രമം** : നിയോജകമണ്ഡല വിഭജനത്തിന്റെ അടിസ്ഥാന മാനദണ്ഡം ജനസംഖ്യ യാണ്. 2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരമുള്ള ജനസംഖ്യയുടെ കണക്കുകളാണ് ഇപ്പോൾ നിലവിലുള്ളത്. പഞ്ചായത്ത് ഡയറക്ടർ വിജ്ഞാപനം ചെയ്തിട്ടുള്ള അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സെക്രട്ടറിമാർ കരട് വിഭജന നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ പുനർവിഭജിക്കപ്പെടുന്ന ഒരു നിയോജകമണ്ഡലത്തിന്റെ കരട് വിഭജന റിപ്പോർട്ടിൽ, ആ നിയോജകമണ്ഡലത്തിന്റെ അതിരുകൾക്കുള്ളിൽ വരുന്ന

എല്ലാ കെട്ടിടങ്ങളുടേയും കെട്ടിട നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്. അതായത്, നിലവിലുള്ള ........... നമ്പർ നിയോജകമണ്ഡലത്തിലെ ........... നമ്പർ മുതൽ ........... നമ്പർ വരെയുള്ള കെട്ടിടങ്ങളും' എന്നിങ്ങനെ പ്രത്യേകം എഴുതി ചേർക്കണം. ഉദാഹരണത്തിന് 'നിലവിലുള്ള 2–ാം നിയോജകമണ്ഡലത്തിലെ 37 മുതൽ 187 വരെയും 3–ാം നിയോജകമണ്ഡലത്തിലെ 8 മുതൽ 244 വരെയും ഉള്ള 388 കെട്ടിടങ്ങളും' എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്. 2010ൽ പുന:ക്രമീകരിച്ച നിയോജക മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള പുതിയ കെട്ടിട നമ്പരാണ് ഇപ്രകാരം രേഖപ്പെടുത്തേണ്ടത്. നിലവിലുള്ള ഒന്നിലധികം പഞ്ചായത്തുകളുടെ ഭാഗങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളുടെ റിപ്പോർട്ടിൽ കെട്ടിട നമ്പർ രേഖപ്പെടുത്തുമ്പോൾ നിലവിലുള്ള പഞ്ചായത്തിന്റെ പേരും വ്യക്തമാക്കണം.

കരട് വിഭജന നിർദ്ദേശങ്ങളിൽ നിർദ്ദിഷ്ട നിയോജകമണ്ഡലങ്ങളുടെ അതിരുകൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിയോജകമണ്ഡലങ്ങളുടെ അതിരുകൾ വടക്ക്, കിഴക്ക്, തെക്ക്, പടിഞ്ഞാറ് എന്നിങ്ങനെ തുടർച്ചയായി രേഖപ്പെടുത്തേണ്ടതാണ്..

ഗ്രാമ പഞ്ചായത്തു സെക്രട്ടറിമാർ നിയോജകമണ്ഡല വിഭജന റിപ്പോർട്ടിനോടൊപ്പം പഞ്ചായത്തിന്റെ പൊതുവിലുള്ള അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ടു കൂടി **അനുബന്ധം 1** ലെ മാതൃകയിൽ തയ്യാറാക്കേണ്ടതാണ്.

അതുപോലെ കരട് നിയോജകമണ്ഡലവിഭജന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ നിയോജക മണ്ഡലത്തിനെ സംബന്ധിച്ചും അനുബന്ധം 2 പ്രകാരമുള്ള ഓരോ റിപ്പോർട്ടു കൂടി തയ്യാറാക്കണം.

നിലവിലുള്ള നിയോജകമണ്ഡലങ്ങൾ കാണിക്കുന്ന 2010 ലെ ഡീലിമിറ്റേഷൻ കമ്മിഷൻ അംഗീകരിച്ച അതിർത്തികളെ അടിസ്ഥാനമാക്കി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദ്ദേശാനുസരണം 2014 ൽ സർവ്വേ വകുപ്പ് തയ്യാറാക്കി അംഗീകരിച്ച ഭൂപടം, നിർദ്ദിഷ്ട നിയോജക മണ്ഡലങ്ങൾ കാണിക്കുന്ന മറ്റൊരു ഭൂപടം എന്നിവ റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കണം. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദ്ദേശാനുസരണം 2014 ൽ തയ്യാറാക്കി അംഗീകരിച്ച ഭൂപടത്തിന് അനുസൃതമായാണ് നിർദ്ദിഷ്ട നിയോജക മണ്ഡലങ്ങൾ കാണിക്കുന്ന ഭൂപടം തയ്യാറാക്കേണ്ടത്. ഭൂപടങ്ങൾ എ3 സൈസ് പേപ്പറിലാണ് തയ്യാറാക്കേണ്ടത്.

നിർദ്ദിഷ്ട നിയോജക മണ്ഡലങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് നിയോജക മണ്ഡലങ്ങളുടെ ക്രമനമ്പരുകൾ അനുസരിച്ചുവേണം തയ്യാറാക്കാൻ. 1, 2, 3 എന്നിങ്ങനെയുള്ള ക്രമത്തിൽ റിപ്പോർട്ട് ഭൂപടങ്ങൾ ഉൾപ്പെടെ എ4 സൈസിലുള്ള പേപ്പറിൽ ആയിരിക്കണം തയ്യാറാക്കേണ്ടത്.

മേൽ വിവരിച്ച റിപ്പോർട്ടുകളോടൊപ്പം അനുബന്ധം 3 പ്രകാരമുള്ള ഒരു സർട്ടിഫിക്കറ്റും അനുബന്ധം 4 പ്രകാരമുള്ള പട്ടികയും കൂടി ഉൾക്കൊള്ളി ക്കേണ്ടതാണ്.

മേൽപ്പറഞ്ഞ റിപ്പോർട്ടുകളുമായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും പഞ്ചായത്ത് സെക്രട്ടറിമാർ ഹാജരാകേണ്ടതാണ്. ഓരോ ദിവസവും ഹാജരാകേണ്ട സെക്രട്ടറിമാർ ഏതെല്ലാം ഗ്രാമപഞ്ചായത്തിന്റേതാണെന്ന്

പരിശീലന ദിവസം തന്നെ നിശ്ചയിക്കാവുന്നതും ആ വിവരം അവരെ നേരിട്ട് അറിയിക്കാവുന്നതുമാണ്. സെക്രട്ടറിമാർ റിപ്പോർട്ട് നൽകുന്ന സമയത്ത് അവരുടെ സാന്നിദ്ധ്യത്തിൽ തന്നെ ജില്ല തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് പരിശോധിച്ച് പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കാൻ മതിയായ നിർദ്ദേശം നൽകേണ്ടതും പോരായ്മകൾ പരിഹരിച്ച് അടുത്ത ദിവസം തന്നെ സെക്രട്ടറിമാർ ഹാജരാക്കേണ്ടതുമാണ്. പരിശോധനകൾക്കുശേഷം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കരട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഡീലിമിറ്റേഷൻ കമ്മിഷന് സമർപ്പിക്കേണ്ടതും കമ്മിഷൻ അവ പരിശോധിച്ച് 2005 ലെ ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ( ഡീലിമിറ്റേഷൻ കമ്മീഷൻ) ചട്ടങ്ങളിലെ 10-ാംചട്ട പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് കരട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

കരട് വിജ്ഞാപനം ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും ഗ്രാമപഞ്ചായത്ത് പ്രദേശം ഉൾക്കൊള്ളുന്ന ഗ്രാമ കേന്ദ്രങ്ങൾ, വില്ലേജ് ആഫീസുകൾ, വായനശാലകൾ, റേഷൻകടകൾ, ഗ്രാമപഞ്ചായത്തിന്റെ വാർത്താ ബോർഡുകൾ, പൊതുപ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ദേശീയതലത്തിലും സംസ്ഥാന തലത്തിലും അംഗീകാരമുള്ള രാഷ്ട്രീയ പാർട്ടികളുടേയും സംസ്ഥാന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടേയും ഗ്രാമ പഞ്ചായത്തുതല സമിതികൾക്ക് കരട് വിഭജന നിർദ്ദേശങ്ങളുടെ മൂന്നു പകർപ്പുകൾ വീതം വില ഈടാക്കാതെ നൽകേണ്ടതാണ്. മറ്റാരെങ്കിലും ആവശ്യപ്പെടുന്ന പക്ഷം ഫോട്ടോ കോപ്പിക്കുള്ള നിരക്ക് ഈടാക്കിക്കൊണ്ട് പകർപ്പുകൾ നൽകേണ്ടതാണ്. ജില്ലാ ഇൻഫർമേഷൻ ആഫീസിൽ ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തു കളുടേയും കരട് നിർദ്ദേശങ്ങളുടെ പകർപ്പ് ആവശ്യക്കാരുടെ റഫറൻസിനായി സൂക്ഷിക്കേണ്ടതാണ്. കരട് വിജ്ഞാപനത്തിന്റെ പകർപ്പ് ജില്ലാ ഇൻഫർമേഷൻ ആഫീസിൽ ലഭ്യമാക്കേണ്ടത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയ വിവരം ഡീലിമിറ്റേഷൻ കമ്മിഷനെ രേഖാമൂലം അറിയിക്കേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽ കരട് വിഭജന നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്താനും, പകർപ്പുകൾ നൽകാനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തേണ്ടതാണ്.

4. **<u>പരാതികളും അഭിപ്രായങ്ങളും</u>** : ഡീലിമിറ്റേഷൻ കമ്മിഷൻ പ്രസിദ്ധപ്പെടുത്തുന്ന പഞ്ചായത്തുകളുടെ നിയോജക മണ്ഡല കരട് വിഭജന നിർദ്ദേശങ്ങളെക്കുറിച്ചുള്ള ആക്ഷേപങ്ങളോ പരാതികളോ അഭിപ്രായങ്ങളോ നേരിട്ടോ രജിസ്റ്റർ ചെയ്ത തപാൽ മുഖേനയോ ഡീലിമിറ്റേഷൻ കമ്മിഷൻ സെക്രട്ടറിക്കോ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കോ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ അവ നൽകിയിരിക്കണമെന്ന അറിയിപ്പ് പൊതുജനങ്ങൾക്ക് നൽകേണ്ടതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന പരാതികൾ ഒരു കാരണവശാലും സ്വീകരിക്കേണ്ടതില്ല.
5. **<u>പരാതികളിന്മേലുള്ള അന്വേഷണം:</u>** ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നേരിട്ട് ലഭിക്കുന്നതും കമ്മിഷനിൽ നിന്ന് അയച്ചുകിട്ടുന്നതുമായ ആക്ഷേപങ്ങളും പരാതികളും അഭിപ്രായങ്ങളും അന്വേഷിക്കുന്നതിനും പരിശോധന നടത്തുന്നതിനും ജില്ലാതല

ഉദ്യോഗസ്ഥന്റെ പദവിയിൽ കുറയാത്ത അനുയോജ്യരായ ഉദ്യോഗസ്ഥരെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നിയോഗിക്കേണ്ടതാണ്.

കരട് വിഭജന നിർദ്ദേശങ്ങളിന്മേൽ ലഭിക്കുന്ന ആക്ഷേപങ്ങളിലും പരാതികളിലും നിർദ്ദേശങ്ങളിലും അന്വേഷണ ഉദ്യോഗസ്ഥന്മാർ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം പരിശോധിച്ച് അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

(1). പഞ്ചായത്തിനേയും നിർദ്ദിഷ്ട നിയോജക മണ്ഡലങ്ങളേയും കുറിച്ച് സെക്രട്ടറി രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ പഞ്ചായത്ത് രേഖകളുമായി ഒത്തുനോക്കി ശരിയാണെന്നു ഉറപ്പു വരുത്തുക.

(2). നിർദ്ദിഷ്ട നിയോജക മണ്ഡലത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ജനസംഖ്യ ശരാശരി ജനസംഖ്യയിൽ നിന്നും വ്യതിചലിച്ചിട്ടുണ്ടെങ്കിൽ അതിനു നൽകിയിട്ടുള്ള കാരണങ്ങൾക്ക് മതിയായ ന്യായീകരണമുണ്ടോ.

(3). നിയോജക മണ്ഡല വിഭജനം വടക്കു പടിഞ്ഞാറു നിന്നുമാണോ തുടങ്ങിയിട്ടുള്ളത്.

(4). അതിരുകളെ സംബന്ധിച്ചു നൽകിയിട്ടുള്ള വിവരണം വസ്തുതകൾക്ക് നിരക്കുന്നതാണോ .

(5). പരാതിയിൽ ഉന്നയിച്ചിട്ടുള്ള വസ്തുതകൾ വിശകലനം ചെയ്യുകയും അവയുടെ നിജസ്ഥിതി കണ്ടുപിടിക്കുകയും ചെയ്യുക.

(6). നേരിൽ സ്ഥലപരിശോധന നടത്തുക.

(7). നിർദ്ദിഷ്ട നിയോജക മണ്ഡലത്തിന്റെ ആകൃതിയും അതിരുകളും അകാരണമായി വളച്ചൊടിച്ചിട്ടുണ്ടോ

(8). വ്യക്തമായ ശുപാർശകൾ/അഭിപ്രായക്കുറിപ്പ്

**അന്വേഷണവേളയിൽ അന്വേഷണ ഉദ്യോഗസ്ഥർ കഴിയുന്നതും പരാതിക്കാരിൽ നിന്നും വിവരശേഖരണം നടത്താൻ ശ്രമിക്കേണ്ടതാണ്.**

കൂടാതെ പ്രസക്തമെന്ന് തോന്നുന്ന മറ്റു അനുബന്ധ വസ്തുതകളും വിശദമായി പരിശോധിച്ച് പരാതികളുടെ/ആക്ഷേപങ്ങളുടെ ന്യായാന്യായങ്ങളെ വിശകലനം ചെയ്ത് വ്യക്തമായ ശുപാർശകളോടുകൂടി വേണം അന്വേഷണ ഉദ്യോഗസ്ഥൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കേണ്ടത്. റിപ്പോർട്ട് കമ്മിഷൻ ലഭ്യമാക്കുന്ന ഫാറത്തിൽ എ4 സൈസിലുള്ള പേപ്പറിലായിരിക്കണം.

യുക്തമെന്നു തോന്നുന്ന സംഗതികളിന്മേൽ മാത്രം ഡീലിമിറ്റേഷൻ കമ്മിഷൻ പരാതിക്കാരെ നേരിൽ കേൾക്കുന്നതാണ്. ഡീലിമിറ്റേഷൻ കമ്മിഷൻ പരാതിക്കാരെ നേരിൽ കേൾക്കുന്ന സമയത്ത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവർ ഹാജരുണ്ടായിരിക്കേണ്ടതാണ്.

6. **<u>ഉത്തരവ്</u> :** ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ തയ്യാറാക്കി കമ്മിഷൻ പ്രസിദ്ധപ്പെടുത്തിയ കരട് വിഭജന റിപ്പോർട്ട്, ലഭിച്ച പരാതികൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, നേരിൽകേട്ട സമയത്ത് പരാതിക്കാർ വെളിപ്പെടുത്തിയ വിവരങ്ങൾ തുടങ്ങിയ വസ്തുതകൾ പഠിച്ചും

വിശകലനം ചെയ്തും ആവശ്യമെങ്കിൽ നേരിട്ട് സ്ഥലപരിശോധന നടത്തിയും ഡീലിമിറ്റേഷൻ കമ്മിഷൻ നിയോജക മണ്ഡല വിഭജനം സംബന്ധിച്ച് യുക്തമായ തീരുമാനം കൈക്കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഈ ഉത്തരവിന്റെ മൂന്ന് പകർപ്പുകൾ വീതം അംഗീകൃത രാഷ്ട്രീയ പാർട്ടികളുടേയും നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടേയും ബന്ധപ്പെട്ട പഞ്ചായത്തുതലത്തിലുള്ള കമ്മിറ്റികൾക്ക് സൗജന്യമായി നൽകേണ്ടതാണ്. മറ്റ് ആവശ്യക്കാർക്ക് ഫോട്ടോകോപ്പി എടുക്കുന്നതിനുള്ള നിരക്ക് ഈടാക്കിക്കൊണ്ട് നൽകുന്നതാണ്.

7. **സമയബന്ധിത പരിപാടി** : നിയോജക മണ്ഡല വിഭജന നടപടികളുടെ വിവിധ ഘട്ടങ്ങളിൽ കമ്മിഷനിൽ നിന്നുള്ള ഉദ്യോഗസ്ഥർ ജില്ലകളും, ആവശ്യമെന്ന് കാണുന്ന പക്ഷം പഞ്ചായത്തുകളും സന്ദർശിക്കുന്നതും മതിയായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വിശദീകരണമോ സംശയനിവാരണമോ ആവശ്യമെങ്കിൽ കമ്മിഷനുമായി ബന്ധപ്പെടേണ്ടതാണ്. ഭരണഘടനയുടെ 243(സി) അനുച്ഛേദത്തിനും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 10-ാം വകുപ്പിനും ഡീലിമിറ്റേഷൻ കമ്മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായാണ് കരട് വിഭജന നിർദ്ദേശങ്ങളും അന്തിമ ഉത്തരവും പുറപ്പെടുവിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| **പ്രോഗ്രാം** | **തീയതികൾ** |
|---|---|
| (1). ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ജില്ലാതല പരിശീലനം | 24.04.2015<br>25.04.2015<br>28.04.2015 |
| (2). സെക്രട്ടറിമാർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കരട് വിഭജന നിർദ്ദേശത്തിന്റെ റിപ്പോർട്ട് സമർപ്പിക്കൽ | 20.05.2015 |
| (3) ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കരട് നിർദ്ദേശം കമ്മിഷന് സമർപ്പിക്കൽ | 23.05.2015 |
| (4) നിയോജക മണ്ഡല കരട് വിഭജന നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തൽ | 28.05.2015 |
| (5) ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കൽ | 12.06.2015 |
| (6) പരാതികളിന്മേലുള്ള അന്വേഷണവും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കലും (ജില്ലാ തെരെഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക്) | 22.06.2015 |
| (7) അന്വേഷണ റിപ്പോർട്ട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കമ്മിഷന് സമർപ്പിക്കൽ | 27.06.2015 |

<u>**അനുബന്ധം**</u>

(1) ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

(2) ഗ്രാമപഞ്ചായത്തിന്റെ നിയോജകമണ്ഡല വിഭജന റിപ്പോർട്ട്

(3) സർട്ടിഫിക്കറ്റ്

(4) കരട് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പട്ടിക

(5) ഗ്രാമ പഞ്ചായത്തിലെ നിർദ്ദിഷ്ട നിയോജക മണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ കണക്കാക്കുന്ന വിധം

തിരുവനന്തപുരം,

18-04-2015

**സെക്രട്ടറി**

**സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ, കേരളം**

## അനുബന്ധം – 1

**......................................ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ**

1. നിലവിലുള്ള നിയോജകമണ്ഡലങ്ങളുടെ എണ്ണം
2. നിലവിലുള്ള സംവരണ നിയോജകമണ്ഡലങ്ങളുടെ എണ്ണം

| | നിയോജക മണ്ഡലത്തിന്റെ എണ്ണം | നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും |
|---|---|---|
| (1) സ്ത്രീ സംവരണം | | |
| (2) പട്ടികജാതി സ്ത്രീ സംവരണം | | |
| (3) പട്ടികവർഗ്ഗ സ്ത്രീ സംവരണം | | |
| (4) പട്ടികജാതി സംവരണം | | |
| (5) പട്ടികവർഗ്ഗ സംവരണം | | |

3. ജനസംഖ്യ (2011 സെൻസസ് പ്രകാരം)

| | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| (1) ആകെ ജനസംഖ്യ | | | |
| (2) പട്ടികജാതി | | | |
| (3) പട്ടികവർഗ്ഗം | | | |

4. ഇപ്പോൾ പുതുക്കി നിശ്ചയിച്ചിട്ടുള്ള നിയോജകമണ്ഡലങ്ങളുടെ എണ്ണം
5. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ആകെ വാസഗൃഹങ്ങളുടെ എണ്ണം
6. ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ് സ്ഥാനം നിലവിൽ സംവരണം ചെയ്യപ്പെട്ടിരുന്നതാണോ? :
   (സ്ത്രീ സംവരണം, പട്ടികജാതി സംവരണം,
   പട്ടികവർഗ്ഗ സംവരണം എന്നിവയിൽ ഏതെന്ന് വ്യക്തമാക്കുക)

സ്ഥലം : 　　　　　　　　　　ഒപ്പ് :

തീയതി : 　　　　　　　　　　പേര് :

ഉദ്യോഗപ്പേര് :

(ആഫീസ് മുദ്ര)

## അനുബന്ധം – 2

## ................................. ഗ്രാമപഞ്ചായത്തിന്റെ നിയോജകമണ്ഡല വിഭജന റിപ്പോർട്ട്

1. നിർദ്ദിഷ്ട നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും :

2. ഒരു നിയോജക മണ്ഡലത്തിലെ ശരാശരി ജനസംഖ്യ :

3. നിർദ്ദിഷ്ട നിയോജകമണ്ഡലത്തിൽ ഉൾക്കൊള്ളുന്ന കെട്ടിടങ്ങളുടെ നിലവിലുള്ള നമ്പരുകൾ :

4. നിർദ്ദിഷ്ട നിയോജകമണ്ഡലത്തിൽ ഉൾക്കൊള്ളുന്ന വാസഗൃഹങ്ങളുടെ എണ്ണം :

5. അതിരുകൾ :
   വടക്ക്
   
   കിഴക്ക്
   
   തെക്ക്
   
   പടിഞ്ഞാറ്

6. നിർദ്ദിഷ്ട നിയോജകമണ്ഡലത്തിൽ തിട്ടപ്പെടുത്തിയ ജനസംഖ്യ*:

7. തിട്ടപ്പെടുത്തിയ ജനസംഖ്യ ഗ്രാമപഞ്ചായത്തിലെ ഒരു നിയോജക മണ്ഡലത്തിന്റെ ശരാശരി ജനസംഖ്യയേക്കാൾ കുറവോ കൂടുതലോ ആണെങ്കിൽ അതിനുള്ള കാരണങ്ങൾ

സ്ഥലം : ഒപ്പ്:

തീയതി : പേര് :

ഉദ്യോഗപ്പേര് :

(ആഫീസ് മുദ്ര)

*** അനുബന്ധം 5 കാണുക**

**അനുബന്ധം – 3**

## <u>സർട്ടിഫിക്കറ്റ്</u>

………………………………………….. ഗ്രാമ പഞ്ചായത്തിന്റെ നിയോജക മണ്ഡല പുനർ വിഭജന നിർദ്ദേശങ്ങളിൽ നിന്നും ഈ പഞ്ചായത്തിന്റെ യാതൊരു ഭാഗവും വിട്ടു കളഞ്ഞിട്ടില്ലെന്നും സമീപ പഞ്ചായത്തുകളുടെ ഒരു ഭാഗവും ഉൾപ്പെടുത്തിയിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| | |
|---|---|
| സ്ഥലം : | ഒപ്പ്: |
| തീയതി : | പേര് : |
| | ഉദ്യോഗപ്പേര് : |

(ആഫീസ് മുദ്ര)

### അനുബന്ധം – 4

## <u>നിയോജക മണ്ഡല വിഭജന പട്ടിക</u>

### <u>.......................ഗ്രാമ പഞ്ചായത്ത്</u>

| നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും | | തിട്ടപ്പെടുത്തിയ ജനസംഖ്യ | അതിരുകൾ | | | |
|---|---|---|---|---|---|---|
| | | | വടക്ക് | കിഴക്ക് | തെക്ക് | പടിഞ്ഞാറ് |
| 1 | | 2 | 3 | 4 | 5 | 6 |
| 1. | | | | | | |
| 2. | | | | | | |
| 3. | | | | | | |
| 4. | | | | | | |
| 5. | | | | | | |
| 6. | | | | | | |
| 7. | | | | | | |

സെക്രട്ടറി

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷനുവേണ്ടി

## അനുബന്ധം 5

## ഗ്രാമ പഞ്ചായത്തിലെ നിർദ്ദിഷ്ട നിയോജക മണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ കണക്കാക്കുന്ന വിധം

ഗ്രാമ പഞ്ചായത്തിലെ 2011 സെൻസസ് പ്രകാരമുള്ള ആകെ ജനസംഖ്യയെ നിലവിലുള്ള ആകെ വാസഗൃഹങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ഒരു വീട്ടിലുള്ള ശരാശരി ജനസംഖ്യ കണ്ടുപിടിക്കണം. ഇപ്രകാരം കണ്ടെത്തിയ ശരാശരി ജനസംഖ്യയെ നിർദ്ദിഷ്ട നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വാസഗൃഹങ്ങളുടെ എണ്ണം കൊണ്ട് ഗുണിച്ചാൽ കിട്ടുന്നതായിരിക്കും നിർദ്ദിഷ്ട നിയോജക മണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ.

**ഉദാഹരണം**

| | | | | |
|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തിലെ ആകെജനസംഖ്യ(2011 ലെ സെൻസസ് പ്രകാരം) | P | | 26903 |
| 2 | ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ആകെ വീടുകളുടെ എണ്ണം | H | | 5145 |
| 3 | ഒരു വീട്ടിലുള്ള ശരാശരി ആളുകളുടെ എണ്ണം | P÷H=A | 26903÷5145= | 5.23 |
| 4 | നിർദ്ദിഷ്ട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആകെ വീടുകളുടെ എണ്ണം | h | | 322 |
| 5 | നിർദ്ദിഷ്ട നിയോജകമണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ | p=Axh | 5.23 x 322= | 1684 |